കോഴിക്കോട് ജില്ലയിൽ അന്വേഷണത്തിലിരിക്കുന്ന കൊലപാതക കേസുകൾ

734 [864] ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ തെളിവു ലഭിക്കാതെ ഇപ്പോഴും അന്വേഷണത്തിലിരിക്കുന്ന എത്ര കൊലപാതകക്കേസുകൾ ഉണ്ട്;

(ബി) മേപ്പയ്യൂർ നിയോജക മണ്ഡലത്തിൽപ്പെട്ട മേപ്പയ്യൂർ സഫിയ, കടമേരി കുഞ്ഞിക്കാസിം, കക്കട്ടിൽ ഹമീദ്, മണിയൂർ ജാനു എന്നിവരുടെ കൊലപാതക കേസ്സിനു ഇതുവരെ ഒരു തെളിവും പോലീസിന് ശേഖരിക്കാൻ കഴിയാത്ത പശ്ചാത്തലത്തിൽ പോലീസിൽ ഈ പ്രദേശത്തുകാർക്കുള്ള വിശ്വാസം നഷ്ടപ്പെടുന്നതായുള്ള ആരോപണത്തിന് ശരിയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം കൊലക്കേസുകൾ കഴിയുന്നതും വേഗം തെളിയിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 13

(ബി) ഇല്ല. മേപ്പയ്യൂർ മണ്ഡലത്തിലെ മേപ്പയ്യൂർ സഫിയ, കടമേരി കുഞ്ഞിക്കാസിം, കക്കട്ടിൽ ഹമീദ്, മണിക്കുറ് ജാനു എന്നീ നാലു മരണങ്ങളിൽ കക്കട്ടിൽ ഹമീദിന്റെ ഒഴികെയുള്ള മൂന്നു മരണങ്ങളിലും അന്വേഷണത്തിൽ മുന്നോട്ടുപോകുന്നുണ്ട്. ഹമീദിന്റെ കൊലപാതകം ഉൾപ്പെടെയുള്ള കേസുകൾ തെളിയിക്കാൻ കഴിയാത്ത കേസുകൾ പോലീസിന്റെ മുൻഗണനയിലാണ്.

(സി) എല്ലാ കൊലക്കേസുകളും വേഗം തെളിയിക്കാൻ സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കിളിമാനൂർ പുളിമാത്ത് പഞ്ചായത്തിൽ ഒരാളുടെ മരണം

735 [865] ശ്രീമതി കാർത്ത്യായനി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിലെ പുളിമാത്ത് പഞ്ചായത്തിൽ ഒരാൾ തന്റെ വീട്ടിൽ പ്രവേശിച്ച് 1986 മേയ് മാസം 15-ാം തീയതി സംശയകരമായ രീതിയിൽ മരണപ്പെട്ടത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരണത്തെ സംബന്ധിച്ച് കുറ്റക്കാരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ കേസിന്റെ അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കുന്ന കാര്യം പരിഗണിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) ഉണ്ട്. മരണപ്പെട്ട പ്രഭാകരൻ 15.5.1986-ൽ രാത്രി 8.15-ന് റോഡപകടത്തിൽപ്പെട്ട് പരിക്ക് പറ്റിയ നിലയിൽ പൊരുന്തമൺ എന്ന സ്ഥലത്ത് എം. സി. റോഡിൽ കാണപ്പെട്ടു. ശ്രീ. പ്രഭാകരൻ തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിൽ ചികിൽസയിൽ ഇരിക്കവെ 19.5.1986 പകൽ 12.50-ന് ആണ് മൃതിയടഞ്ഞത്. കേസിന്റെ അന്വേഷണം ഊർജ്ജിതമായി നടന്നുവരികയാണ്. കുറ്റക്കാരെ തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല.

(സി) അന്വേഷണ റിപ്പോർട്ട് കിട്ടിയാൽ ആവശ്യമാണെന്നു കാണുന്നപക്ഷം കേസിന്റെ അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കുന്നതാണ്.

സുദേവന്റെ സംശയകരമായ മരണം

736 [866] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിലെ മാവിള വീട്ടിൽ ചക്രപാണിയുടെ മകൻ സുദേവൻ 1985 ഒക്ടോബർ 21-ാം തീയതി സംശയകരമായി മരണപ്പെട്ടതിനെ സംബന്ധിച്ചുള്ള ക്രൈം ബ്രാഞ്ച് അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ കേസുമായി ബന്ധപ്പെട്ട എത്രപേരെ അറസ്റ്റ് ചെയ്തു എന്ന് വ്യക്തമാക്കാമോ;

(സി) ഈ കേസ് തെളിയിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റിപ്പോർട്ട് ലഭിച്ചിട്ടില്ല. അന്വേഷണം ഊർജ്ജിതമായി നടക്കുന്നുണ്ട്.

(ബി) ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(സി) നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

സിനിമാ തിയേറ്ററുകളിൽ നിലച്ചിത്രങ്ങളുടെ പ്രദർശനം

737 [867] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ പല സിനിമാ തിയേറ്ററുകളിലും നീല ചിത്രങ്ങൾ പ്രദർശിപ്പിച്ചുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിൻമേൽ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly